രജിസ്ട്രേഷൻ, ഹാൾടിക്കറ്റ് വിതരണം തുടങ്ങി പരീക്ഷാ വിഭാഗത്തിന്റെ കംപ്യൂട്ടർവത്ക്കരണത്തിനും ജീവനക്കാരുടെ പരിശീലനത്തിനും ആവശ്യമായ നടപടികൾ സർവ്വകലാശാലകൾ സ്വീകരിച്ചുവരുന്നു.

(സി&ഡി) സംസ്ഥാന തലത്തിൽ ഏകീകൃത സംവിധാനമില്ല. എന്നാൽ വിവിധ യൂണിവേഴ്സിറ്റികളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാന തലത്തിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ പ്രോ-വൈസ് ചാൻസലർമാർ അംഗങ്ങളായിട്ടുള്ള കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

അംഗീകാരമില്ലാത്ത സി.ബി.എസ്.ഇ.,ഐ.സി.എസ്.സി. സ്കൂളുകൾ

1 (5132) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാത്ത സി.ബി.എസ്.ഇ.,ഐ.സി.എസ്.സി.സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഇത്തരത്തിലുള്ള സ്കൂളുകൾ സംസ്ഥാന ഗവൺമെന്റിന്റെ എൻ. ഒ.സി.-ക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര അപേക്ഷകൾ ഇപ്പോൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് എൻ.ഒ.സി.നല്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) 76 എണ്ണം

(സി) സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ സിലബസ്സുകൾ പഠിക്കുന്ന പുതിയ സ്കൂളുകൾക്ക് ബന്ധപ്പെട്ട ബോർഡുകളിൽ നിന്നും അഫിലിയേഷൻ ലഭിക്കുന്നതിനാവശ്യമായ സംസ്ഥാന സർക്കാരിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതില്ലെന്നാണ് സർക്കാരിന്റെ നയപരമായ തീരുമാനം.

ഏരിയാ ഇന്റൻസീവ് പ്രോഗ്രാം

2 (5133) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏരിയാ ഇന്റൻസീവ് പ്രോഗ്രാം സംസ്ഥാനത്തെ ഏതെല്ലാം സ്കൂളുകളിലാണ് നടപ്പിലാക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly